

ഡിസംബർ 2022

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം!

പുൽക്കൂടും നക്ഷത്രങ്ങളുമൊക്കെയൊരുക്കി ക്രിസ്തുമസ്സിനെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങുന്നു. ഒരു ജനതയുടെ ഏറ്റവും സങ്കീർണ്ണമായ ജീവിതാനുഭവങ്ങളിലേക്ക് ക്രിസ്തുവിന്റെ ജനനം നമ്മെ നയിക്കുന്നു. യഹൂദ ജനതയുടെ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലത്തിൽ ഒരു മ്ശിഹായായി യേശുവിനെ കണ്ടവരും, അധികാരത്തിന്റെ കൊത്തളങ്ങളിൽ വിള്ളലുകൾ വീഴ്ത്തുവാൻ പര്യാപ്തനായ ജനകീയ നേതാവായി യേശുവിനെ കണ്ടവരും ഒക്കെ അവരവരുടെ വീക്ഷണകോണിൽയേശുവിനെ പ്രതിഷ്ഠിക്കുവാൻ ശ്രമിക്കുമ്പോൾ ദൈവരാജ്യത്തിന്റെ ഉദയം ക്രിസ്തുവിൽ തിരിച്ചറിഞ്ഞവർ ചുരുക്കം മാത്രമാണ്. ശ്രേണീബദ്ധ ജീവിത ക്രമത്തിന്റെ ഇരകളായവർ തങ്ങളുടെ മനോനൊമ്പരങ്ങൾ പേറി അതിജീവനത്തിന്റെ ആത്മാവുമായി ജീവിക്കുകയായിരുന്നു. അങ്ങനെ ഒരു പ്രതീക്ഷയുമില്ലാതെ ജീവിക്കുന്നവർക്കുള്ള സന്തോഷമായിരുന്നു ക്രിസ്തുവിന്റെ ജനനം. ദൂതൻ അവരോട്, ഭയപ്പെടേണ്ട, സർവ്വജനത്തിനുമുണ്ടാകുവാനുള്ളമഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു (ലൂക്കോസ് 2: 10) എന്നാണ് അറിയിക്കുന്നത്. സാധാരണ ജനതയുടെ സന്തോഷം സർവ്വജനത്തിന്റെയും സന്തോഷമായി മാറുന്ന അവസ്ഥയാണത്. യഥാർത്ഥത്തിൽ ക്രിസ്തുമസ് സാധ്യമാകുന്നത് സാധാരണ ജനതയുടെ സന്തോഷം ഒരു സമൂഹം ഏറ്റെടുക്കുന്നതിലൂടെയാണ്. സാധാരണ ജനങ്ങളുടെ സന്തോഷങ്ങളിൽ പങ്കുകാരാകുവാൻ ക്രിസ്തു ഈ ക്രിസ്തുമസിലൂടെ നമ്മെയും ക്ഷണിക്കുന്നു.

ഏത് ആഘോഷവും അർത്ഥവത്താകുന്നത് സാമൂഹ്യ രാഷ്ട്രീയ പരിസരങ്ങൾക്ക് അത് എത്രമാത്രം സംഗതമാകുന്നു എന്നതിനെ ആശ്രയിച്ചാണ്. ആനുകാലിക പരിസരങ്ങളെ ഗൗരവമായിക്കണ്ട് വേണം ക്രിസ്തുമസ്സിനെ ഇന്ന് നാം മനസ്സിലാക്കേണ്ടത്. ഇരുൾ മൂടി പാഴും ശൂന്യവുമായിരുന്നവയ്ക്ക് പുതുജീവൻ നല്കിയ അനുഭവമാണ് ക്രിസ്തുജനനം. സാമൂഹികവും സാമ്പത്തികവും മതപരവുമായ ഒട്ടനവധി ചൂഷണത്തിനും രാഷ്ട്രീയ അടിമത്വത്തിനും വശംവദരായ ഒരു ജനതയുടെ പ്രതീക്ഷയുടെ പൂർത്തീകരണമാണ് ആദ്യ ക്രിസ്തുമസ്സിൽ സാധ്യമായത്. കാലഘട്ടത്തിന്റെ വ്യഥകളോടുള്ള ദൈവത്തിന്റെ മറുപടിയാണ് ക്രിസ്തുജനനം. പ്രതീക്ഷയാണ് ഏത് ദുരിതാനുഭവങ്ങളിലും മനുഷ്യനെ മുന്നോട്ട് നയിക്കുന്നത്. ഇന്നും പ്രതീക്ഷ നഷ്ടപ്പെട്ട ജനതകളും ഇടങ്ങളും ഏറെയാണ് നമ്മുടെ പരിസരങ്ങളിൽ. നവസാധ്യതകളിലേക്ക് നയിക്കാൻ നമ്മോട് ചേർന്ന് നില്ക്കുന്ന, കൂടെ പാർക്കുന്ന ഒരു ദൈവമുണ്ടെന്ന ബോധ്യമാണ് ഇന്നും ക്രിസ്തുമസ്സിനെ കാലികമാക്കുന്നത്. ദൈവം ചേർന്ന് നിന്ന ഇടങ്ങളെയും കൂടെപാർത്ത ജീവിതങ്ങളെയും നാം എങ്ങനെ കാണുന്നു എന്നതാണ് ഗൗരവതരമായ ചോദ്യം. “നിങ്ങൾക്ക് അടയാളമോ: ശീലകൾ ചുറ്റി, പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും എന്ന് പറഞ്ഞു” (ലൂക്കോസ് 2: 12). പ്രതിസന്ധികളിൽ പുതുവഴിയൊരുക്കുന്ന ദൈവത്തോട് ചേർന്ന് നവസാധ്യതകൾ കണ്ടെത്തുകയാണ് ചെയ്യേണ്ടത്. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

കേരളത്തിലെ വിദ്യാഭ്യാസ മേഖല വീണ്ടും ഒരു പ്രതിസന്ധി നേരിടുകയാണ്. വിദ്യാഭ്യാസ രംഗം ഏറെ വിവാദങ്ങളിലൂടെ കടന്നുപോകുന്നത് ഒട്ടും ആശാസ്യമല്ല. നിയമനങ്ങളിൽ സ്വജന പക്ഷപാതം നടക്കുന്നു എന്ന ആരോപണം ഒരു വശത്തുണ്ട്. എന്നാൽ കേന്ദ്രത്തിലെ ഭരണകർത്താക്കളുടെ താല്പര്യങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ

മേഖലയിൽ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കുന്നു എന്ന ആരോപണവുമുണ്ട്. രാജ്യത്തിന് മൊത്തമായി ഒരു വിദ്യാഭ്യാസ നയം ഉണ്ടായിരിക്കണം എന്ന ചിന്ത ഇപ്പോൾ പല തലങ്ങളിൽ ശക്തിപ്രാപി ക്കുന്നുണ്ട്. കഴിവും, പ്രാപ്തിയും, ജോലി നിയ മനങ്ങളുമൊക്കെ രാഷ്ട്രീയ പ്രത്യയശാസ്ത്ര ബന്ധത്തിൽ മാത്രം അളക്കുന്നു എന്ന തോന്നൽ കേരള സമൂഹത്തിൽ പ്രബലമാണ്. ഭാരതത്തിന്റെ പൊതുവായ സാമൂഹ്യ ക്രമങ്ങളിലും ഇത്തരം വിവേചനങ്ങൾ പ്രത്യക്ഷമാണ്. ജാതിയും മതവും കക്ഷി, രാഷ്ട്രീയ, പാർട്ടി ബന്ധങ്ങളും യുവജന തയുടെ ഭാവി നിർണ്ണയിക്കുന്നതിൽ പ്രധാനമാണ് എന്ന ചിന്ത വളർന്ന് വരുന്ന തലമുറകളിൽ ഏറെ ആശങ്ക ഉയർത്തുന്നു. ഏറ്റം സാക്ഷരതയുണ്ട് എന്നഭിമാനിക്കുന്ന കേരളം ഭാരതത്തിനാകെ ഒരു മാതൃകയാകേണ്ടതാണ്. എന്നാൽ ഇവിടെയും കാര്യങ്ങൾ വ്യത്യസ്ഥമല്ല. യൗവനക്കാർ കൂട്ടമായി വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്ന സമകാലിക പ്രതിഭാസത്തെ ഈ സാഹചര്യങ്ങളുടെ പ ശ്ചാത്തലത്തിൽ വിലയിരുത്തേണ്ടിയിരിക്കുന്നു. കേരളം പ്രായമേറെയുള്ളവരുടെ നാട് ആകാൻ പോകുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അതിനു യൗവനക്കാരെ പഴിച്ചിട്ടു കാര്യമില്ല. അവർക്ക് വളരാൻ, അവരുടെ പ്രതീക്ഷകൾ പ്രാവ ർത്തികമാക്കാൻ പാകമായ സാഹചര്യങ്ങൾ ഒരുക്കുക എന്നത് ഏറെ പ്രാധാന്യം അർഹിക്കുന്നു.

വൈവിധ്യങ്ങളില്ലാതാക്കി ഏകജാതീയമായ ദേശരാഷ്ട്രത്തെ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നത് അപ കടകരമാണ്. ഇന്ത്യ എന്നത് ഒരൊറ്റ ദേശീയതയുടെ രാഷ്ട്രമല്ല. പാഠപുസ്തകങ്ങളിൽ വിവരിക്കുന്നത് ഒരു വിദ്യാർത്ഥി മനസ്സിലാക്കുന്നത് അവരുടെ സാംസ്കാ രിക പശ്ചാത്തലത്തിലൂടെയാണ്. അതിനാൽ ഏകീകൃതമായ ഒരു വിദ്യാഭ്യാസ നയത്തിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളെയും തളച്ചിടുന്നത് അപകടകരമാണ്. ഇന്ത്യ ബഹുസ്വരതയുടെ നാടാണ്. സംസ്ഥാനങ്ങൾക്കകത്തുപോലും വിവിധ സംസ്കാരങ്ങൾ, ഭാഷകൾ, ജനവിഭാഗങ്ങൾ തുടങ്ങിയവയെല്ലാമുണ്ട്. ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരു വിദ്യാഭ്യാസ നയം മാത്രമേ ഫലകരമാ കുകയുള്ളു.

കുടിയേറ്റം ഒരു സമൂഹത്തിന്റെ ജനസംഖ്യാ വിതരണത്തെയും സംസ്കാരത്തെയും സാരമായി ബാധിക്കുന്നു എന്ന സത്യം നാം മനസ്സിലാക്കണം. കേരള സമൂഹം കുടിയേറ്റത്തിലെന്നും ഏറെ മുൻ പന്തിയിലായിരുന്നു. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക ഉന്നമനത്തിന് പ്രവാസ സമൂഹങ്ങളും കുടിയേറ്റ സമൂഹങ്ങളും വഹിച്ചിട്ടുള്ള പങ്ക് ഒരിക്കലും നാം വിസ്മരിക്കരുത്. കുടിയേറ്റം അവരുടെ സ്വന്തം എന്ന് കരുതുന്ന സ്ഥലത്തും അവർ സ്വീകരിക്കുന്ന സ്ഥലത്തും ചില സാമൂഹിക സാംസ്കാരിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കുടിയേറ്റം മൂലമുള്ള ഏകാന്ത വാർദ്ധക്യവും മനുഷ്യ വിഭവ ശേഷിയുടെ അഭാവവുമാണ് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി. അതിഥി തൊഴിലാളികളിലൂടെ മനുഷ്യ വിഭ വശേഷിയുടെ അപര്യാപ്തത കുറയ്ക്കുവാൻ ശ്രമിക്കുമ്പോൾ രൂപപ്പെട്ടുവരുന്ന പുതിയ സാമൂഹിക സാംസ്കാരിക പ്രശ്നങ്ങളും നമ്മുടെ മുമ്പിലെ വെല്ലുവിളിയാണ്. ഇത്തരം പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ ഗവൺമെന്റും പൊതു സമൂഹവും സജ്ജമാകേണ്ടതുണ്ട്.

സഭയും കുടിയേറ്റത്തിന്റ സങ്കീർണ്ണതകളെ അവധാനപൂർവ്വം വീക്ഷിക്കുകയും അവയുടെ പ്രതിസന്ധികളെ ആഭിമുഖീകരിക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും വേണം. ആഗോള സഭയായ മാർത്തോമ്മാ സഭയെ സംബ ന്ധിച്ച് കുടിയേറ്റത്തിലൂടെ ഒരർത്ഥത്തിൽ സഭയുടെ വിശാലവത്ക്കരണവും വൈവിധ്യവത്ക്കരണവുമാണ് സംഭവിക്കുന്നത്. വിവിധ രാജ്യങ്ങളിലേക്ക് കുടി യേറുന്ന ആളുകളുടെ ഒപ്പം നിൽക്കേണ്ട സഭ, അതിനു സ്വയം സജ്ജമാകേണ്ടിയിരിക്കുന്നു. അതാതിടങ്ങളിലെ പ്രദേശിക സഭകളുമായി പര്യാ ലോചിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. കേരളത്തിലെ ഇടവകകൾ ഏകാന്തവാസികളായ മുതിർന്ന തലമുറയെ കരുതുന്ന ഇടവകകളായി മാറണം. ഒപ്പം അതിഥി തൊഴിലാളികളുടെ മദ്ധ്യേയുള്ള വിവിധ പദ്ധതികൾ രൂപപ്പെടുത്തണം. സഭയായി ഇത്തരം ചിന്തകൾ മുന്നോട്ടു കൊണ്ടു പോകേണ്ടിയിരിക്കുന്നു.

ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ കാലാ വസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ആഗോള സമ്മേ ളനം ഈജിപ്തിൽ നടന്നു. വികസിത രാജ്യങ്ങ ളാണ് കാർബൺ നിർഗമനത്തിൽ ഏറെ മുന്നിൽ നിൽക്കുന്നത്. എന്നാൽ വികസ്വര രാജ്യങ്ങളാണ് അതിന്റെ ദൂഷ്യഫലങ്ങൾ ഏറെ അനുഭവിക്കുന്നത്. അതുകൊണ്ടുതന്നെ വികസിത രാജ്യങ്ങൾ വികസ്വര രാജ്യങ്ങളിലെ മലിനീകരണത്തിനു പരോക്ഷമായോ പ്രത്യക്ഷമായോ ഉത്തരവാദികളാണെന്നും ആയ തിനാൽ വികസ്വര രാജ്യങ്ങളിലെ കാലാവസ്ഥ വ്യതി യാനങ്ങളുമായുള്ള ബന്ധത്തിൽ നിലനിൽക്കുന്ന പ്രതിസന്ധികളെ പരിഹരിക്കുവാൻ വികസിത രാജ്യങ്ങൾ പ്രത്യേക ഫണ്ട് മാറ്റിവെയ്ക്കണം എന്നതും ദീർഘകാലമായുള്ള ഒരു ആവശ്യമായിരുന്നു. ഇക്കഴിഞ്ഞ സമ്മേളനത്തിൽ ഇത്തരം ഒരു തീരു മാനം എടുത്തു എന്നത് ഏറെ പ്രസ്താവ്യമാണ്. കാലാവസ്ഥാ താപനം, വായു മലിനീകരണം, എന്നിവയുടെ ഭീഷണികളെ മറികടക്കുവാൻ പുതിയ ഉൾക്കാഴ്ചകൾ രൂപീകരിക്കേണ്ടിയിരിക്കുന്നു.

നിലവിലെ ഹരിതഗൃഹ വാതകങ്ങൾ മൂലമുള്ള ദോഷങ്ങൾ പരിഹരിക്കാൻ ഏതാണ്ട് 202 കോടി ഏക്കർ മരങ്ങൾ നട്ടാൽ മതിയെന്നാണ് സ്വിറ്റ്സർ ലന്റിലുള്ള ഇ. റ്റി. എച്ച് സർവ്വകലാശാലയിൽ നടന്ന പഠനം വ്യക്തമാക്കുന്നത്. ഇനിയുള്ള കാലം ഇലക്ട്രിക്ക് വാഹനങ്ങൾ, പുനരുപയോഗിക്കാവുന്ന ഊർജ്ജം എന്നിവയിലേക്ക് കടക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടതെന്നാണ് ചില ഗവേഷകർ ആവശ്യപ്പെടുന്നത്. ഏതായാലും വ്യക്തികളായും കുടുംബങ്ങളായും സമൂഹങ്ങളായും രാഷ്ട്രങ്ങളായും കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്ന പദ്ധതികളിൽ പങ്കാളികളാകാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. അടിസ്ഥാന സമൂഹങ്ങളുടെ പ്രകൃതിയുമായി ചേർന്നുള്ള ജീവിതശൈലി ഒരു മാർഗ്ഗരേഖയാണെന്ന് നാം മറക്കരുത്. ഹരിത രാഷ്ട്രീയം നമ്മുടെ ജീവിത ശൈലിയെ തിരുത്തുവാൻ ആവശ്യപ്പെടുന്നു. നീതി ബോധത്തോടെയുള്ള പ്രകൃതി വിഭവങ്ങളുടെ ഉപയോഗം ഏറെ അത്യന്താപേക്ഷിതമാണ്.

നിർബ്ബന്ധിത മതപരിവർത്തനം രാജ്യസുരക്ഷയെ ബാധിക്കുമെന്ന് സുപ്രീം കോടതി അടുത്ത സമയത്ത് അഭിപ്രായപ്പെട്ടു. മാത്രമല്ല മതപരിവർത്തനം തടയുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നവംബർ 22 നകം അറിയിക്കുവാൻ കേന്ദ്ര സർക്കാരിനോട് ജസ്റ്റിസ് എം. ആർ. ഷാ അദ്ധ്യക്ഷനായ ബെഞ്ച് നിർദ്ദേശം നല്കി. നിർബ്ബന്ധിത മതപരിവർത്തനം നടക്കുന്നു എന്ന ആരോപണം ചില രാഷ്ട്രീയ ശക്തികൾ ഏറെ കാലങ്ങളായി ഉയർത്തുന്നുണ്ടെങ്കിലും അത്തരം ചുരുക്കം ചില സംഭവങ്ങൾ മാത്രമെ തെളിയിക്കപ്പെട്ടിട്ടുള്ളു, എന്നാൽ നിർബന്ധിത മത പരിവർത്തനത്തിന്റെ മറവിൽ എല്ലാ മത പരിവർത്തനങ്ങൾക്കും കൂച്ചുവിലങ്ങിടുന്ന നിയമ നിർമ്മാണം പല സംസ്ഥാനങ്ങളിലും നടപ്പിൽ വന്നിട്ടുണ്ട്. ഒരു പൗരന് മതം മാറാനുള്ള അവകാശം ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നുണ്ട്. ആ അവകാശം മാനിക്കേണ്ടത് ഭരണകർത്താക്കളുടെ ചുമതലയാണ്. മതപരിവർത്തനം ആരോപിച്ച് ആക്രമണങ്ങൾക്ക് വിധേയരാകുന്നത് പലപ്പോഴും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ക്രിസ്ത്യാനികളാണ്. സഹസ്രാബ്ദങ്ങളായി ഇന്ത്യൻ സമൂഹത്തിന്റെ ഭാഗമായ രാജ്യത്തെ ഏറ്റവും സമാധാനപരമായ വിഭാഗങ്ങളിലൊന്നാണ് ക്രിസ്ത്യാനികൾ. എന്നാൽ ഈ വർഷം ഇതിനകം തന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ക്രിസ്ത്യാനികൾക്ക് നേരെയുള്ള അഞ്ഞൂറിലധികം ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത് തികച്ചും അപലപനീയമാണ്. മറ്റേത് മതവിഭാഗങ്ങളെപ്പോലെയും ക്രിസ്ത്യാനികൾക്കും ഈ രാജ്യത്ത് ഭയം കൂടാതെ ജീവിക്കുവാനുള്ള അവകാശമുണ്ട്. ആ അവകാശം മാനിക്കുവാൻ അധികൃതർ തയ്യാറാകണം.

റാന്നി - വൈക്കം മാർത്തോമ്മാ ഇടവകയുടെ ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളിലും, പനവേലി ബഥേൽ, മല്ലശ്ശേരി ബേത്‌ലഹേം എന്നീ ഇടവകകളുടെ ശതാബ്ദി ആഘോഷങ്ങളിലും പങ്ക് ചേരുവാൻ ഇടയായി. വളരെ ചെറിയ ആരംഭത്തിലൂടെ ഇടവകയായി വളർന്ന് ദേശത്തിന് സാക്ഷ്യമായി നിലകൊണ്ട അനുഭവങ്ങൾ അയവിറക്കുന്നതിനും, ദൈവത്തെ സ്തുതിക്കുന്നതിനും, ദൗത്യ നിർവ്വഹണത്തിൽ പുനരർപ്പണം ചെയ്യുന്നതിനും ഈ ഇടവകകൾക്ക് സാധിച്ചു. പത്തനാപുരം ചാച്ചിപ്പുന്ന ശാലേം മാർത്തോമ്മാ ഇടവകയുടെ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിച്ചു. ഇടവക വികാരി, ചുമതലക്കാർ, കൈസ്ഥാനസമിതി, പള്ളിപണിക്കമ്മറ്റി അംഗങ്ങൾ എന്നിവരെ അഭിനന്ദിക്കുന്നു. 'ചർച്ചസ് ആക്സിലിയറി ഫോർ സോഷ്യൽ ആക്ഷൻ' (CASA) ന്റെ പ്ലാറ്റിനം ജൂബിലി ആഘോഷം ഡൽഹിയിൽ നവംബർ 18, 19 തീയതികളിൽ നടന്നു. പ്രസ്തുത പരിപാടികളിൽ സംബന്ധിക്കുന്നതിന് സാധിച്ചത് അനുഗ്രഹകരമായിരുന്നു. സാമൂഹ്യ സേവന, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ധന്യമായ ശുശ്രൂഷയാണ് കാസായിലൂടെ നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. കാസായുടെ ദേശീയ - മേഖലാ തലങ്ങളിൽ നമ്മുടെ സഭാ മേലദ്ധ്യക്ഷന്മാർ നല്കിയിട്ടുള്ള ധന്യമായ നേതൃത്വം സ്മരണീയമാണ്. പ്രാരംഭ കാലം മുതൽ കാസാ മാർത്തോമ്മാ സഭയുമായി അടുത്ത ബന്ധം പുലർത്തി വരുന്നു. സമൂഹത്തിന്റെ ഏത് പ്രതിസന്ധികാലഘട്ടങ്ങളിലും സഭയുമായി ചേർന്ന് സഹായം എത്തിക്കുന്നതിൽ കാസ സഹകരണം നല്കിയിട്ടുണ്ട്.

നമ്മുടെ സഭയിലെ സീനിയർ വൈദികരായിരുന്ന റവ. ഇ. ജോൺ (കറ്റാനം), റവ. എം. എൻ. ശാമുവേൽ (ഇരുവള്ളിപ്ര), റവ. ജി. യോഹന്നാൻ (മാരാമൺ) എന്നീ വൈദികർ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അവരുടെ ധന്യവും ശ്രേഷ്ഠവുമായ പ്രവർത്തനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. സഭയുടെ വ്യത്യസ്ഥ തലങ്ങളിൽ വ്യക്തികളായും കുടുംബമായും അവർ അനുഗൃഹീത ശുശ്രൂഷകൾ നിർവ്വഹിച്ചു. ഈ പ്രിയപ്പെട്ട വൈദികരുടെ ജീവിതത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കാം. ദുഖാർത്തരായ പ്രിയപ്പെട്ടവരെ ദൈവം ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സഭയുടെ അനുശോചനം അറിയിക്കുന്നു.

തിരുജനനത്തിന്റെ രഹസ്യങ്ങൾ ധ്യാനിക്കുന്ന ഇരുപത്തിഅഞ്ചു നോമ്പു കാലത്തേക്ക് സഭ പ്രവേശിക്കുന്നുവല്ലോ. യേശുകർത്താവിന്റെ ആളത്വത്തോട് അനുരൂപപ്പെടുന്നതിന് ഈ അനുഷ്ഠാനങ്ങൾ നമുക്ക് മുഖാന്തിരമായി തീരണം. ആഗമനകാലത്ത് നാം ധ്യാനിക്കുന്ന വേദഭാഗങ്ങൾ ദൈവിക പദ്ധതിയോട്

യോജിച്ചു നിന്ന വ്യക്തികളെയും അവരുടെ പ്രവൃത്തികളെയും കുറിച്ചാണല്ലോ. ഈ ധ്യാനങ്ങൾ നമുക്കും ദൈവിക പദ്ധതികളോട് യോജിച്ചു നില്കുന്നതിനുള്ള പ്രേരണയായി ഭവിക്കണം.

ഡിസംബർ നാലാം തീയതി ഞായറാഴ്ച്ച യോഹന്നാൻ സ്നാപകന്റെ ജനനത്തെയാണ് സഭ അനുസ്മരിക്കുന്നത് (ലൂക്കോ.1: 57–66). അന്നേ ദിവസം വേദപുസ്തക ഞായർ ആയും ആചരിക്കുകയാണ്. ദൈവവചനത്തിന്റെ ആധികാരികത എന്നതാണ് ധ്യാനവിഷയം. ദൈവവചനം മാറ്റമില്ലാത്തതും എല്ലാകാലത്തേക്കും പ്രസക്തവുമാണ്. പരിശുദ്ധാത്മശക്തിയിൽ ഈ വചനത്തെ കാലികമായി പങ്കു വെച്ചു നൽകാൻ സഭക്ക് ഉത്തരവാദിത്വമുണ്ട്. യോഹന്നാൻ സ്നാപകൻ ദീർഘകാലം നിലനിന്ന പ്രവാചകമൗനം മുറിച്ച ദൈവ പ്രേഷിതൻ ആയിരുന്നു. ദൈവീക അരുളപ്പാടുകൾ വറ്റിപ്പോയിരുന്ന ഒരു ഇരുണ്ടകാലത്ത് വെളിച്ചം പരത്തിയ കർമ്മയോഗി. സെഖരിയാ എലിസബേത്ത് ദമ്പതികളിലൂടെയാണ് ദൈവം യോഹന്നാനെ ലോകത്തിനു നൽകിയത്. അവർ ഇരുവരും നീതിയുള്ളവരും ദൈവകല്പനകൾ അനുസരിച്ച് ജീവിക്കുന്നവരും ആയിരുന്നു. യോഹന്നാന്റെ ജനനം സംബന്ധിച്ച് ദൈവം നൽകിയ മുഴുവൻ നിർദ്ദേശങ്ങളും അവർ പാലിച്ചു. ഒടുവിൽ പൈതലിനെ യോഹന്നാൻ എന്നു പേരിട്ടു വിളിച്ചപ്പോൾ സെഖര്യാവ് നാവെടുത്ത് സംസാരിച്ചു. അതുകേട്ട ജനം ദൈവത്തെ സ്തുതിച്ചു. ദൈവ വചനം നിവൃത്തിയായി. വചനത്തിന്റെ ആധികാരികത ജീവിതത്തിൽ ഉൾകൊള്ളുന്നവർ ദൈവ മഹത്വം പ്രകടമാക്കും. ഇക്കാലത്ത് നമുക്കും അങ്ങനെ സാധിക്കട്ടെ.

ഡിസംബർ പതിനൊന്നാം തീയതി ഞായറാഴ്ച്ച സഭ ധ്യാനിക്കുന്നത് യോസഫിനോടുള്ള അറിയിപ്പാണ് (മത്തായി 1:18–25). യേശുവിനു ഭൗതിക പിതാവും ശൈശവത്തിലെ സംരക്ഷകനും ആയിരിക്കേണ്ടതിനു ദൈവം യോസേഫിനെ തെരഞ്ഞെടുത്തു. അദ്ദേഹം നീതിമാനും മറ്റുള്ളവർക്ക് ലോകാപവാദം വരുത്താൻ ആഗ്രഹിക്കാത്തവനും ആയിരുന്നു. തനിക്കു വിവാഹം നിശ്ചയിച്ചിരുന്ന കന്യക ഗർഭിണിയാണ് എന്നറിഞ്ഞപ്പോൾ അദ്ദേഹം ഭാരപ്പെട്ടു. എന്നാൽ ദൈവം അദ്ദേഹത്തോട് സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആശയ കുഴപ്പം നീങ്ങി. പ്രവാചകൻ മുഖാന്തിരം അരുളി ചെയ്ത വാഗ്ദത്ത മിശിഹായെയാണ് തന്റെ വധു ഉദരത്തിൽ വഹിക്കുന്നത് എന്ന് വചന വെളിച്ചത്തിൽ ബോധ്യം വന്നപ്പോൾ അദ്ദേഹം തന്റെ ദൈവ നിയോഗം നിറവേറ്റി. പ്രവചനങ്ങളിൽ വിശ്വസിക്കുക മാത്രമല്ല, തന്റെ ഉൾച്ചേരൽ കൊണ്ട് ദൈവമഹത്വം പ്രാവർത്തികമാക്കാൻ, അദ്ദേഹം തന്നെത്തന്നെ വിട്ടു നൽകി. ഈ ആഗമനകാലത്ത്, ദൈവഹിതത്തിനായി നമ്മെത്തന്നെ വിട്ടു നൽകാൻ നമുക്കും കഴിയട്ടെ.

ഡിസംബർ പതിനെട്ടു ഞായർ യോഹന്നാൻ ശ്ലീഹാ യേശുവിന്റെ ജനനത്തെ വിശദീകരിക്കുന്ന വേദഭാഗം ആണ് (യോഹന്നാൻ 1:1–14) സഭ ധ്യാനിക്കുന്നത്. വാഗ്ദത്ത പൂർത്തീകരണമായ മിശിഹാ എന്നതാണ് ധ്യാനവിഷയം. ദൈവം അയയ്ക്കുന്ന പ്രവാചകൻ ആയല്ല, ദൈവം തന്നെ ലോകത്തിലേക്കു വന്നതാണ് യേശു. വെളിച്ചത്തിന്റെയും സത്യത്തിന്റെയും ജീവന്റെയും പൂർണതയാണ് യേശു. 'അവന്റെ നിറവിൽ നിന്ന് നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു' എന്നതാണ് സദ്വാർത്ത. ദൈവത്തിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതൻ ദൈവത്തെ തന്നിലൂടെ നമുക്ക് വെളിപ്പെടുത്തിയതിനാൽ ആരും കണ്ടിട്ടില്ലാത്ത ദൈവത്തെ നമുക്ക് കാണാനും അനുഭവിക്കാനും കഴിയുന്നു. യേശുവിന്റെ മുഖത്തേക്ക് നോക്കി ദൈവാനുഭവത്തിൽ വളരാൻ നമുക്കും കഴിയേണ്ടതുണ്ട്.

ഡിസംബർ ഇരുപത്തിയഞ്ചാം തീയതി ഞായർ ജനന പെരുന്നാൾ ആണല്ലോ. 'സർവ്വ ജനത്തിനുമുള്ള മഹാ സന്തോഷം' എന്നതാണ് ചിന്താവിഷയം (ലൂക്കോസ് 2:1–20). യേശു സർവ്വലോകത്തിനും സന്തോഷം പകരുന്നവനാണ്. ഏതെങ്കിലും മതവിഭാഗത്തിന്റെ മാത്രം വകയല്ല യേശു. ശീലകൾ ചുറ്റി പശുതൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവാണ് ലോകത്തിനു സന്തോഷത്തിന്റെ അടയാളം. ആർജ്ജന മികവിന്റെ തത്വശാസ്ത്രം പ്രചരിക്കുന്ന ലോകത്തിൽ പശുതൊട്ടിയും, കീറ്റുശീലകളും പ്രതീക്ഷയുടെ പുതുമുകുളമായ ശിശുവും വ്യത്യസ്തമായ ദർശനമാണ് ലോകത്തിനു പങ്കുവയ്ക്കുന്നത്. ദൈവാശ്രിത ജീവനത്തിന്റെ വിശുദ്ധിയും ഉറപ്പും മാത്രമാണ് ലോകത്തിനു സന്തോഷം പകരുന്നത്. യേശുക്രിസ്തുവിലൂടെ ലോകത്തിനു അനുഭവമായ 'സ്വയ ശൂന്യവത്കരണം' (Kenosis) മുഴുവൻ സൃഷ്ടിയുടെയും നിറവിനും, മഹത്വത്തിനും ആയി തീരുന്നു എന്ന വലിയ ദർശനമാണ് ജനന പെരുന്നാളിന്റെ സന്ദേശം.

ഏവർക്കും സന്തോഷകരമായ ക്രിസ്തുമസ് ആശംസകൾ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
30. 11. 2022

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**